മാള സഹകരണ സ്പിന്നിംഗ് മില്ലിന്റെ പണികൾ

129 (2707) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ 1996-ൽ പുത്തൻചിറയിൽ അനുവദിച്ച സഹകരണ സ്പിന്നിംഗ് മില്ലിന്റെ പണികൾ സ്തംഭിച്ചിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്പിന്നിംഗ് മില്ലിൽ ജോലി കൊടുക്കണമെന്ന വ്യവസ്ഥയിൽ യുവാക്കളിൽ നിന്നും 25,000 രൂപ വച്ച് ഷെയർ പിരിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മില്ലിന്റെ പ്രവർത്തനങ്ങൾ സ്തംഭിക്കുന്നതിനുള്ള കാരണങ്ങൾ വിശദമായി വ്യക്തമാക്കാമോ ;

(ഡി) മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രോജക്ട് തുടക്കത്തിൽ സംസ്ഥാന സഹകരണ ബാങ്കുകളുമായി ടേം ലോണിനുവേണ്ടി നടപടികൾ സ്വീകരിച്ചുവെങ്കിലും ആയതു ഫലപ്രദമാകാത്തതുകൊണ്ട് ടേം ലോൺ അനുവദിച്ചു കിട്ടിയിട്ടില്ല. മേൽ കാരണത്താൽ പണത്തിന്റെ അപര്യാപ്തതമൂലം മില്ലിന്റെ പണികൾ സ്തംഭനാവസ്ഥയിലാണ്.

(ഡി) ടേം ലോൺ അനുവദിച്ചുകിട്ടുന്ന മുറയ്ക്കു മാത്രമേ പണികൾ ആരംഭിക്കുന്ന കാര്യം തീരുമാനിക്കാൻ കഴിയൂ.

സഹകരണവകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം

130 (2709) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് വിശദീകരിക്കാമോ ;

(സി) റാങ്ക് ലിസ്റ്റിൽ ബാക്കിയുള്ളവരെ നിയമിക്കാതിരിക്കുവാനുള്ള കാരണം വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടും ഡിപ്പാർട്ട്മെന്റ് യഥാസമയം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് നിയമനം ലഭിക്കുമെന്ന് ഉറപ്പാക്കുമോ ?

ഉത്തരം

(എ-സി) സഹകരണസംഘം ജൂനിയർ ഇൻസ്പെക്ടർ തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ഡി&ഇ) ഒഴിവുള്ള ഇൻസ്പെക്ടർ തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി. യോട് യഥാസമയം തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. ശ്രീകുമാറിനെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത സംഭവം

131 (2710) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സൂപ്രണ്ട് ആയിരുന്ന ശ്രീ. എ. ശ്രീകുമാറിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) സസ്പെൻഡ് ചെയ്യുന്നതിന് മുൻപ് അയാളുടെ പേരിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏത് തരം അന്വേഷണം ആയിരുന്നു നടത്തിയത് ; അന്വേഷണ റിപ്പോർട്ട് എന്തായിരുന്നു ;

(ഇ) അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസ് നിലവിലുണ്ടോ ; എങ്കിൽ ക്രിമിനൽ കേസ് എടുത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സസ്പെൻഡ് ചെയ്തിരുന്നു.

(ബി) പെൻഷൻ ബോർഡ് സെക്രട്ടറിയോട് അപമര്യാദയായി പെരുമാറി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ.

(സി) ഇല്ല. അന്വേഷണ വിധേയമായിട്ടാണ് സസ്പെൻഡ് ചെയ്തത്.

(ഡി) സസ്പെൻഡ് ചെയ്ത ശേഷം അന്വേഷണം നടത്തുകയായിരുന്നു. അന്വേഷണ റിപ്പോർട്ടിൽ പെൻഷൻ ബോർഡ് സെക്രട്ടറിയോട് കയർത്തു സംസാരിച്ചതായി തെളിഞ്ഞിട്ടുണ്ട്.

(ഇ) ക്രിമിനൽ കേസുള്ളതായി പെൻഷൻ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly